# വല്ലാർപ്പാടം : പട്ടയ വിതരണം

വല്ലാർപ്പാടം

02.02.2009

നമ്മുടെ സംസ്ഥാനത്തിന്റെ മാത്രമല്ല, രാജ്യത്തിന്റെയാകെ പുരോഗതിക്ക് വേണ്ടി ജനിച്ചു വളർന്ന സ്വന്തം മണ്ണ് വിട്ടുകൊടുക്കാൻ തയ്യാറായ നല്ലവരാണ് എന്റെ മുന്നിലുള്ളത്. നിങ്ങൾ ജീവനു തുല്യം സ്നേഹിച്ച തുണ്ടുഭൂമി നമ്മുടെ നാട്ടിന്റെ വികസനത്തിന് ഉപയോഗപ്പെടുകയാണ്. നിങ്ങളുടെ സന്മനസ്സിന് കേരള ഗവൺമെന്റിനുവേണ്ടി ഞാൻ നന്ദി പറയുന്നു.

വല്ലാർപ്പാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതി കേരളത്തിന്റെ സമഗ്രവികസനം പ്രത്യേകിച്ചും ദക്ഷിണേന്ത്യയുടെ വികസനം പൊതുവിലും ത്വരിതപ്പെടുത്തും. വല്ലാർപ്പാടം പദ്ധതിക്ക് തറക്കല്ലിട്ടിട്ട് നാല് വർഷമാവുകയാണ്. റെയിലിന്റെയും റോഡിന്റെയും നിർമ്മാണപ്രവൃത്തിക്ക് തുടക്കം കുറിച്ചിട്ട് രണ്ട് വർഷമായി. എന്നാൽ റെയിലിന്റെയും റോഡിന്റെയും സ്ഥലമെടുപ്പ് അല്പം വൈകിപ്പോയി. അതിന്റെ പേരിൽ ഇതാ പദ്ധതി നഷ്ടപ്പെടുവാൻ പോകുന്നുവെന്ന് കേന്ദ്രമന്ത്രി ബാലു വരെ പറഞ്ഞു. മറ്റു സംസ്ഥാനങ്ങളിലാണെങ്കിൽ സ്ഥലമെടുപ്പിന് ഇത്ര സമയമേ വേണ്ടി വരില്ല, കേരള സർക്കാർ ഇക്കാര്യത്തിൽ ശക്തി കാട്ടുന്നില്ല എന്നുവരെ ദില്ലിയിൽ ആക്ഷേപമുയർന്നു. കേന്ദ്രത്തിൽ നിന്നു ശക്തമായ സമ്മർദ്ദവും അന്ത്യശാസനവുമുണ്ടായപ്പോൾ ഇവിടെ ചില പ്രശ്നങ്ങളുണ്ടായി. എന്നാൽ ഉടൻതന്നെ അത് തടയുകയും പുനരധിവാസ പദ്ധതി അംഗീകരിക്കാതെ ആരെയും

കുടിയൊഴിപ്പിക്കില്ലെന്ന് സർക്കാർ ഉറപ്പ് നൽകുകയും ചെയ്തു. കേന്ദ്രത്തിൽ നിന്നുള്ള സമ്മർദ്ദത്തിനും അന്ത്യശാസത്തിനും വഴിപ്പെട്ട് ഉണ്ടായിപ്പോയ പ്രശ്നങ്ങൾ ഖേദകരമാണെന്ന് അന്നു തന്നെ ഞാൻ വ്യക്തമാക്കുകയുണ്ടായി.

വല്ലാർപ്പാടം പദ്ധതിയുമായി ബന്ധപ്പെട്ട് 48 ഹെക്ടർ സ്ഥലമാണിവിടെ മൊത്തം ഏറ്റെടുത്തത്. എറണാകുളം പോലുള്ള മഹാനഗരത്തിലും നഗരപ്രാന്തത്തിലുമായി ഇത്രയും സ്ഥലം അക്വയർ ചെയ്യുക ഏറ്റവും പ്രയാസമുള്ള കാര്യമാണ്. എന്നാൽ എല്ലാവരുടെയും സഹകരണത്തോടെ ലക്ഷ്യത്തിലെത്താൻ കഴിഞ്ഞു. 327 കുടുംബങ്ങളാണ് സ്വന്തം കിടപ്പാടം ഒഴിഞ്ഞു തന്നത്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട് ഏറ്റവും ഉദാരമായ നിലപാട് സ്വീകരിക്കുകയും ഇന്ത്യാ രാജ്യത്തെതന്നെ ഏറ്റവും മികച്ചതും മാതൃകാപരവുമായ പുനരധിവാസ പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ടുമാണ് അക്വിസിഷൻ നടത്തിയത്. ഒഴിയുന്ന സ്ഥലത്തിന് ഏറ്റവും മെച്ചപ്പെട്ട വില, പുറമെ അഞ്ച് സെന്റ് വരെ നഷ്ടപ്പെടുന്നവർക്ക് നാലര സെന്റ് ഭൂമിയും അര സെന്റിന്റെ വിലയും അഞ്ച് സെന്റിലധികം നഷ്ടപ്പെടുന്നവർക്ക് അഞ്ചരസെന്റ് ഭൂമിയും അരസെന്റിന്റെ വിലയും നൽകുന്നു. വീട് നഷ്ടപ്പെടുന്നവർക്ക് പുതിയ വീടുണ്ടാക്കുന്നതുവരെ വാടകയ്ക്കെടുക്കാൻ അമ്പതിനായിരം രൂപ, സാധനസാമഗ്രികൾ പുതിയ താമസസ്ഥലത്തേക്ക് മാറ്റാൻ പതിനായിരം രൂപ എന്നിങ്ങനെയും അനുവദിച്ചു. പദ്ധതികൾക്കായി കുടിയൊഴിപ്പിക്കുന്നവരെ അവർ ജീവിച്ചു വളർന്ന നാട്ടിൽനിന്നും വളരെ അകലെയല്ല, പറ്റാവുന്നത്ര അടുത്തുതന്നെ പുനരധിവസിപ്പിക്കണമെന്നതാണ് സർക്കാർ നയം. അതായത് തങ്ങൾ ഏതു പദ്ധതിക്കാണോ സ്ഥലം വിട്ടുകൊടുക്കുന്നത് ആ

പദ്ധതിയുടെ ഗുണഫലം തങ്ങൾക്ക്, ന്യായമായും അവകാശപ്പെട്ട താണ് എന്നത് സ്ഥലം വിട്ടുകൊടുക്കുന്നവരുടെ ന്യായമായ ആവശ്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ നയവും അതാണ്. കഴിയാവുന്നത്ര അതിന് ശ്രമിച്ചുകൊണ്ടാണിവിടെ പുനരധിവാസ പാക്കേജ് തയ്യാറാക്കിയത്. പുതിയ പദ്ധതി വരുമ്പോൾ അവിടെ സ്ഥലം വിട്ടുകൊടുത്ത കുടുംബത്തിലെ ഒരാൾക്ക് ജോലി ലഭ്യമാക്കാനും സംസ്ഥാന സർക്കാർ കഴിവതെല്ലാം ചെയ്യും. അതോടൊപ്പം ഇവിടെ പുനരധിവാസഭൂമിയിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും സമയബന്ധിതമായി നടപ്പാക്കുമെന്ന് ഉറപ്പ് നൽകുന്നു.

വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ കൊച്ചി യുടെ മാത്രമല്ല കേരളത്തിന്റെതന്നെ മുഖഛായ മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. പദ്ധതിയെക്കുറിച്ചുള്ള എല്ലാ ആശങ്കകളും അകന്നിരിക്കുന്നു. മൂന്നുകൊല്ലം കൊണ്ട് പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോൾ നാല് വൻകപ്പലുകളും ഏഴെട്ട് ചെറുകപ്പലു കളും ഇവിടെ നങ്കൂരമിടും. രണ്ടാംഘട്ടം പ്രവൃത്തികൂടി പൂർത്തിയാ കുമ്പോൾ വൻകപ്പലുകളുടെ എണ്ണംതന്നെ പന്ത്രണ്ടായി ഉയരും. വൻകപ്പലുകൾ കൊളംമ്പോയിലും ദുബൈയിലും മററുമെത്തി കണ്ടെയ്നറുകൾ അവിടെ ഇറക്കുകയും പിന്നീട് വീണ്ടും സാധാരണ കപ്പലുകളിൽ കയറ്റി ഇങ്ങോട്ടയക്കുകയുമാണിപ്പോൾ ചെയ്യുന്നത്. ഇന്ത്യയിലെ ആദ്യത്തെ ഏറ്റവും വലിയ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ കൊച്ചിയിൽ വരുന്നതോടെ ഇന്ത്യാ രാജ്യത്തിന്റെ വികസനത്തിൽ വലിയ കുതിപ്പാണുണ്ടാക്കുക. പ്രതിദിനം നാലായിരത്തോളം ലോറികൾ ഓടേണ്ട റോഡും ഇരുപതോളം ട്രെയിനുകൾ ഓടേണ്ട റെയിൽപ്പാതയുമാണിവിടെ

വരാൻ പോകുന്നത്. ആദ്യഘട്ടത്തിൽത്തന്നെ അരലക്ഷത്തോളം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് കണക്കാക്കുന്നു. കണ്ടെയ്നർ ടെർമിനൽ വരുന്നതോടെ എൽ.എൻ.ജി ടെർമിനൽ അടക്കമുള്ള ഒട്ടനേകം പദ്ധതികളും വരും. എൽ.എൻ.ജി. ടെർമിനൽ നിർമ്മാണം ത്വരിതപ്പെടുന്നതിന് സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യങ്ങളെല്ലാം ചെയ്തു കഴിഞ്ഞു.

വല്ലാർപ്പാടം പദ്ധതിക്ക്വേണ്ടി സ്ഥലം വിട്ടുകൊടുത്ത സഹോദരീ സഹോദരന്മാരെ ഞാൻ ഒരിക്കൽക്കൂടി നന്ദി അറിയിക്കുന്നു. പുനരധിവാസ പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്ന പ്ലോട്ടു കളുടെ പട്ടയവിതരണവും മറ്റ് ആനുകൂല്യങ്ങളുടെ വിതരണവും അതീവ സന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.

നന്ദി, നമസ്ക്കാരം...